**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3040** | **28-02-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിൽ യുവജനകാര്യ വകുപ്പിന്റെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളിലെ പദ്ധതികൾ കൂടുതൽ ഫലപ്രാപ്തി കൈവരിക്കുന്നതിന് വനിതകൾ ഉൾപ്പെടെയുള്ള യുവജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ യുവജനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ പദ്ധതികൾ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാൻ ടൂറിസം വകുപ്പിന് കീഴിൽ വരുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ കായിക യുവജനകാര്യ വകുപ്പ് മുഖാന്തിരം ആവിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ടൂറിസ്റ്റ് ഗൈഡ് സർവ്വീസ് എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ കേരളത്തിലെ പ്രധാന വിനോദസഞ്ചാര മേഖലകൾ കേന്ദ്രീകരിച്ച് ടീം കേരള (കേരള യൂത്ത് ഫോഴ്സ്) എന്ന സേനയെ ഉപയോഗിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളിലെത്തിക്കുന്ന ടൂറിസ്റ്റുകളെ സഹായിക്കൽ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ ശുചിയായി നിലനിർത്തുന്നതിന് ഉതകുന്ന തരത്തിലുള്ള സൗഹാർദ്ദപരമായ ഇടപെടൽ, ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചുള്ള അറിവുകൾ പകർന്നുനൽകൽ, അവർക്ക് അത്യാവശ്യമായി വരുന്ന സഹായങ്ങൾ ചെയ്തുകൊടുക്കൽ (ടാക്സി, ഹോട്ടൽ, ഭക്ഷണം തുടങ്ങിയവ ലഭ്യമാക്കാൻ സഹായിക്കൽ) എന്നിവയാണ് ലക്ഷ്യമിടുന്നത്. |
| (ബി) | മികച്ച കാഴ്ചപ്പാടുകളുള്ള യുവജനങ്ങളെ വിനോദസഞ്ചാര മേഖലയിൽ സംരംഭകരാക്കുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (ബി) | മികച്ച കാഴ്ചപ്പാടുകളുള്ള യുവജനങ്ങളെ വിനോദസഞ്ചാര മേഖലയിൽ സംരംഭകരാക്കുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് യുവജനകാര്യ വകുപ്പിന് നിലവിൽ പദ്ധതി ഇല്ല. |
| (സി) | യുവജനങ്ങളിൽ നിന്ന് മികച്ച വിനോദസഞ്ചാര പദ്ധതികൾ സംബന്ധിച്ച ആശയങ്ങൾ | (സി) | യുവജനങ്ങളിൽ നിന്ന് മികച്ച വിനോദസഞ്ചാര പദ്ധതികൾ സംബന്ധിച്ച ആശയങ്ങൾ ശേഖരിച്ച് |

| | | | |
|---|---|---|---|
| | യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ശേഖരിച്ച് ആവശ്യമായ പിന്തുണ നൽകി പ്രാവർത്തികമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | | ആവശ്യമായ പിന്തുണ നൽകി പ്രാവർത്തികമാക്കുന്നതിന് യുവജനകാര്യ വകുപ്പിന് നിലവിൽ പദ്ധതി ഇല്ല. |
| (ഡി) | കോളേജുകളിൽ ആരംഭിച്ചിട്ടുള്ള ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ യുവജനകാര്യ വകുപ്പിന്റെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഈ വിഷയം സംബന്ധിച്ച് ടൂറിസം വകുപ്പിൽ നിന്നും നിലവിൽ നിർദ്ദേശങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ